# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
11, അശോകാ റോഡ്, ന്യൂഡൽഹി-01
ഫോൺ 011-23007500, ഫാക്സ്- 011-23005787

5 ഫെബ്രുവരി, 2013

## ബിജെപിയുടെ മുതിർന്ന നേതാവ് ശ്രീ മുരളീ മനോഹർ ജോഷി നടത്തുന്ന പ്രസ്താവന

സംഝോത്താ എക്സ്പ്രസ് സ്ഫോടനം നടത്തിയത് ലഷ്കർ ഇ തൊയ്ബ മുഖ്യ സയോജകൻ ആരിഫ് ഖാസ്മിയുടെ ധനസഹായത്തിൽ അൽഖായ്ദയുടെ ആളുകൾ ആണെന്ന് ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിന്റെ ഉപരോധ സമിതിയുടെ പ്രമേയവും (2009 ജൂണിൽ) അമേരിക്കൻ ട്രഷറി ഡിപ്പാർട്ടുമെന്റിന്റെ പൊതുപ്രഖ്യാപനവും(2009 ജൂലായ്) സുവ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. ഇക്കാര്യം പാകിസ്ഥാൻ ആഭ്യന്തരമന്ത്രി റഹ്മാൻ മാലിക് സ്ഫോടനത്തിനു പാകിസ്ഥാൻ ഭീകരരെ വിനിയോഗിച്ചുവെന്ന തന്റെ പ്രസ്താവനയിലൂടെ (2010 ജനുവരി)യും സ്ഥിരീകരിച്ചതാണ്. ഡേവിഡ് കോൾമാൻ ഹെഡ്ലിയുടെ മൂന്നാം ഭാര്യയായ ഫൈസാ ഔട്ടാൽഹാ നടത്തിയ കുറ്റസമ്മതത്തിൽ (2008-ലും പരസ്യമായി 2010-ലും) വ്യക്തമാക്കിയിട്ടുള്ളതാണ് ഹെഡ്ലി സംഝോത്താ എക്സ്പ്രസിലെ സ്ഫോടനത്തിൽ ഉൾപ്പെട്ടിട്ടുെ ന്നും താനും അറിയാതെ ആ വിഷയത്തിൽ ഉൾപ്പെട്ടിട്ടു ് (ഖണ്ഡിക 21-26) എന്നും. കൂടാതെ നാർക്കോ ടെസ്റ്റ് നടത്തിയപ്പോൾ (2007-ലും പരസമായി 2008-ലും) സിമി നേതാക്കൾ പറഞ്ഞിട്ടുള്ളതാണ് ആക്രമണത്തിൽ ഉൾപ്പെട്ട പാകിസ്ഥാനികൾക്ക് തങ്ങൾ സഹായം നൽകിയിട്ടുെ ന്ന്.

പരസ്യമായ ഈ വിവരങ്ങളെല്ലാം പാകിസ്ഥാന്റെയും കറാച്ചിയിലെ വ്യാപാരിയായ ആരിഫ് ഖാസ്മിയുടെയും ലഷ്കറിന്റെയും ഹെഡ്ലിയുടെയും ഭാര്യ ഫൈസയുടെയും ഇൻഡോറിൽനിന്നുള്ള സിമി പ്രവർത്തകരുടെയും സ്ഫോടനത്തിലെ പങ്കു സുവ്യക്തമാക്കുന്നുെ ങ്കിലും എൻഐഎ നടത്തുന്ന അന്വേഷണങ്ങളിൽ ഇക്കാര്യമെല്ലാം ഒതുക്കിക്കളഞ്ഞിരിക്കുകയാണ്. മാത്രമല്ല, സമഝോത്താ സ്ഫോടനത്തിന്റെ കുറ്റപത്രത്തിൽ ഈ നിർണ്ണായക തെളിവുകൾ അക്ഷരാർത്ഥത്തിൽ എൻഐഎ തകർത്തുകളഞ്ഞിരിക്കുകയാണ്.

യുഎൻ ഉപരോധ കമ്മിറ്റിയുടെ നിഷ്പക്ഷവും വിശ്വാസയയോഗ്യവുമായ തെളിവുകൾ ഇവയാണ്-

1) ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിന്റെ ഉപരോധ സമിതിയുടെ പ്രമേയവും (2009 ജൂണിൽ) (ഖണ്ഡിക 18) അമേരിക്കൻ ട്രഷറി ഡിപ്പാർട്ടുമെന്റിന്റെ പൊതുപ്രഖ്യാപനവും (2009 ജൂലായ്) (ഖണ്ഡിക 19) പറയുന്നു ആരിഫ് ഖാസ്മി, ലഷ്കർ ഇ തൊയ്ബയുടെ മുഖ്യ സംയോജകൻ എന്നിവർ സംഝോത്ത

സ്ഫോടനത്തിനു സാമ്പത്തിക സഹായം നൽകിയെന്നും അൽ ക്വായ്ദ അവരുടെ പോരാളികളെ നിയോഗിച്ചുവെന്നും.

2) പാകിസ്ഥാൻ ആഭ്യന്തരമന്ത്രി റഹ്മാൻ മാലിക് സ്ഫോടനത്തിനു പാകിസ്ഥാൻ ഭീകരരെ വിനിയോഗിച്ചുവെന്ന്പ്രസ്താവിച്ചിരിക്കുന്നു. (2010 ജനുവരി) (ഖണ്ഡിക 20)

3) ഡേവിഡ് കോൾമാൻ ഹെഡ്‌ലിയുടെ മൂന്നാം ഭാര്യയായ ഫൈസാ ഔട്ടാൽഹാ നടത്തിയ കുറ്റസമ്മതത്തിൽ (2008-ലും പരസ്യമായി 2010-ലും) വ്യക്തമാക്കിയിട്ടു ് ഹെഡ്‌ലി സംഝോത്താ എക്സ്പ്രസിലെ സ്ഫോടനത്തിൽ ഉൾപ്പെട്ടിട്ടുെ ന്നും താനും അറിയാതെ ഉൾപ്പെട്ടിട്ടുെ ന്നും (ഖണ്ഡിക 21-26) (ഖണ്ഡിക 21-26)

4) നാർക്കോ ടെസ്റ്റ് നടത്തിയപ്പോൾ (2007-ലും പരസമായി 2008-ലും) സിമി നേതാക്കൾ പറഞ്ഞിട്ടുള്ളതാണ് ആക്രമണത്തിൽ ഉൾപ്പെട്ട പാകിസ്ഥാനികൾക്ക് തങ്ങൾ സഹായം നൽകിയിട്ടുെ ന്ന് അവർ സമ്മതിച്ചിട്ടു ് (ഖണ്ഡിക 10).

ഈ തെളിവുകൾ എൻഐഎ കുറ്റപത്രത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് വ്യക്തമാക്കുന്നത് ആ ഏജൻസിയുടെ രാഷ്ട്രീയ ഗൂഢ ലക്ഷ്യമാണ്.

**(ഒ.പി.കോഹ്‌ലി)**

ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്